ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ തീരദേശ സംരക്ഷണം

61 [1039] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ വ്യാപകമായി കടൽക്ഷോഭം ഉണ്ടായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിൽ തീരസംരക്ഷണത്തിനായി ഏതെല്ലാം പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കൽ, പത്തിശ്ശേരി, പെരുമ്പള്ളി, തറയിൽക്കടവ്, നല്ലാനിക്കൽ, തൃക്കുന്നപ്പുഴ, മുതുക്കൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, കോട്ടമുറി എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം ഈ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) തറയിൽക്കടവിൽ രൂക്ഷമായ കടലാക്രമണം ഉണ്ടായ പെരുമ്പള്ളി, തറയിൽക്കടവ് എന്നീ സ്ഥലങ്ങളിൽ 420 മീറ്റർ നീളത്തിൽ താൽക്കാലിക സംരക്ഷണ ഭിത്തിയുടെ പണികൾ നടന്നുവരുന്നു. കൂടാതെ തൃക്കുന്നപ്പുഴയിലും മുതുക്കൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനടുത്തുമായി 15,15,160 രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. ആറാട്ടുപുഴയിൽ കായകുളം പൊഴിയുടെ വടക്കു ഭാഗത്ത് 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 89 ലക്ഷം രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ആറാട്ടുപുഴ പഞ്ചായത്തിൽ 1500 മീറ്റർ നീളത്തിൽ തറയിൽക്കടവിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ ജോലികൾക്കുവേണ്ടി 275 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

കാസർകോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം

62 [1040] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ എത്ര നീളത്തിലാണ് കടൽത്തീരമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഇതുവരെയായി എത്ര കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി എത്ര കാലോമീറ്റർ കടൽഭിത്തിയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly